നമ്പർ. ഐ(3) 4752/2018

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 06.04.2018
Website: www.lc.kerala.gov.in
Email: isectionlcoffice@gmail.com

## സർക്കുലർ നമ്പർ. 10/18

വിഷയം: കൺസീലിയേഷൻ ഓഫീസർമാർ വ്യവസായ തർക്ക നിയമത്തിലെ 12(4) വകുപ്പനുസരിച്ചുള്ള റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :
1. സർക്കുലർ നമ്പർ 5/16
2. ബഹു.സുപ്രീം കോടതി 12.01.2018 തീയതിയായി പുറപ്പെടുവിച്ച് SLP(C) No. നമ്പർ ഉത്തരവ്

ചിറയിൻകീഴ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് Vs കെ. സന്തോഷ് എന്ന കേസുമായി ബന്ധപ്പെട്ട CoA-2516/19 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ ലാർജർ ബഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ കൺസീലിയേഷൻ ഓഫീസർമാർ മുമ്പാകെ വരുന്ന തർക്കങ്ങൾ 1969-ലെ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളും അവയിലെ തൊഴിലാളികളും തമ്മിലുള്ളതാണെങ്കിൽ പ്രസ്തുത തർക്കത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതികൾക്കാണ് അധികാരം എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവ് പാലിക്കുവാൻ വായന സർക്കുലർ പ്രകാരം എല്ലാ കൺസീലിയേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിരിക്കുന്നു.

എന്നാൽ ഇപ്പോൾ കൊച്ചിൻ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് Vs കെ.എ അന്നമ്മ നൽകിയ SLP (C)No. 29765/16 നമ്പർ കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ സഹകരണം സംഘം ജീവനക്കാരുടെ തൊഴിൽ തർക്കം ലേബർ കോടതിയിൽ ഉന്നയിക്കാനാകില്ലെന്ന ഹൈക്കോടതി ഫുൾബെഞ്ചിന്റെ വിധി ബഹു.സുപ്രീം കോടതി റദ്ദ് ചെയ്തുകൊണ്ടും ട്രൈബ്യൂണലിനും ലേബർ കോടതിക്കും അധികാരമുള്ളതിനാൽ ഏതു വേണമെന്ന് ജീവനക്കാർക്ക് തീരുമാനിക്കാമെന്നും ബഹു.സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

ടി ജീവനക്കാരുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങൾ കൺസിലിയേഷൻ ഓഫീസർമാരുടെ മുമ്പാകെ വരുന്നപക്ഷം ആയതിൽ 1947-ലെ വ്യവസായ തർക്കനിയമ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്നറിയിയ്ക്കുന്നു.

സൂചന (2)ലെ സർക്കുലറിൽ, കൺസിലീയേഷൻ ഓഫീസർമാർ 12 (4) റിപ്പോർട്ട് അയച്ചു തരുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഓഫീസിൽ ലഭിക്കുന്ന 12 (4) റിപ്പോർട്ടുകളിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശം കൺസിലിയേഷൻ ഓഫീസർമാർ പാലിക്കുന്നതായി കാണുന്നില്ല. ഇത് പരാതി പരിഹാരത്തിന് അനാവശ്യമായ താമസം വരുത്തുന്നു. ഇതൊഴിവാക്കുന്നതിനായി 12 (4) റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ലേബർ കമ്മീഷണർക്കുവേണ്ടി

<u>പകർപ്പ് :</u>

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
3. എല്ലാ ഡെപ്യൂട്ടി ലേബർ ഓഫീസർമാർക്കും
4. പി.എ റ്റു ലേബർ കമ്മീഷണർ
5. സീനിയർ സൂപ്രണ്ട് (എ)
6. ജൂനിയർ സൂപ്രണ്ട് (എ)
7. ഐ-സെക്ഷനിലെ എല്ലാ സീറ്റുകൾക്കും
8. ഫയൽ/സ്റ്റോക്ക് ഫയൽ

എസ്.ടി